പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 281 9-5-2017 ലെ മറുപടിക്ക്

<u>കൃഷിയെ ബാധിക്കുന്ന അന്താരാഷ്ട്ര കരാറുകൾ സംബന്ധിച്ച ആശങ്കകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ<br>" കെ.കൃഷ്ണൻകുട്ടി<br>" സി.കെ.നാണു<br>" കെ.ബി.ഗണേഷ് കുമാർ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) കൃഷിയെ ബാധിക്കുന്ന അന്താരാഷ്ട്ര കരാറുകളെ പറ്റി പഠിക്കാൻ സർക്കാർ സ്ഥാപിച്ച ഡബ്ല്യു.റ്റി.ഒ. സെല്ലിന്റെ പ്രവർത്തനം കേരളത്തെ ബാധിക്കുന്ന വിവിധ അന്താരാഷ്ട്ര കരാറുകളെ പ്പറ്റി പഠിക്കാനും സർക്കാരിന് നിർദ്ദേശങ്ങൾ നൽകാനും പര്യാപ്തമാണോ ;ഈ സർക്കാർ വന്നതിനുശേഷം ഈ സെൽ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; ആർ.സി.ഇ.പി. കരാറുകൾ കേരളത്തിനുണ്ടാക്കുന്ന ദോഷങ്ങളെപ്പറ്റി ഈ വിഭാഗം എന്തൊക്കെ പഠനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ; | (എ) പര്യാപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇന്ത്യ അംഗമായ ഒരു പുതിയ സ്വതന്ത്രവ്യാപാരകരാറും നിലവിൽ വന്നിട്ടില്ല. എന്നാൽ ആർ.സി.ഇ.പി, ഇ.എ.ഇ.യു (യുറേഷ്യൻ ഇക്കണോമിക് യൂണിയൻ) എന്നീ കരാറുകളിൽ കേന്ദ്രസർക്കാർ താല്പര്യം കാണിക്കുന്ന വിവരം അറിഞ്ഞ ഉടൻ തന്നെ കേരളത്തിന്റെ ആശങ്കകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്. ആർ.സി.ഇ.പി. കരാറിനെപ്പറ്റി ഡബ്ല്യു.റ്റി.ഒ സെൽ പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. ഏതൊക്കെ മേഖലയിൽ എന്തൊക്കെ ഇളവുകളാണ് നൽകുവാൻ പോകുന്നത് എന്ന് ഇപ്പോഴും കേന്ദ്ര |

| | |
|---|---|
| | സർക്കാർ വ്യക്തമാക്കിയിട്ടില്ല. അതുകാരണമാണ് പഠനം സാധ്യമാകാതെ പോകുന്നത്. എന്നാൽ ഇന്ത്യ ആസിയാൻ കരാർ വരുത്തിവച്ച ദോഷങ്ങളുടെ അടിസ്ഥാനത്തിൽ ആർ.സി.ഇ.പി കരാർ നിലവിൽ വന്നാൽ സംഭവിക്കാവുന്ന ചില നിഗമനങ്ങളിൽ എത്തിചേരുകയും അവ ആശങ്കയായി കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന കൃഷിമന്ത്രി കേന്ദ്രസർക്കാരിനെ പ്രസ്തുത ആശങ്കകളും കേരളത്തിലെ കാർഷികോല്പന്നങ്ങളെ സംരക്ഷിക്കണമെന്ന നിർദ്ദേശവും നിവേദനമായി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രി ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയ്ക്ക് കത്ത് അയച്ചിരുന്നു. കൂടാതെ കൃഷിവകുപ്പ് മന്ത്രി ഒന്നിൽ കൂടുതൽ പ്രാവശ്യം ഈ വിഷയം കേന്ദ്ര വാണിജ്യ മന്ത്രിയുമായി നേരിട്ട് ചർച്ചചെയ്തിട്ടുമുണ്ട്. ഡബ്ല്യൂ.റ്റി.ഒ സെൽ എത്തിചേർന്ന നിഗമനങ്ങൾ ഇപ്രകാരമാണ്. ആർ.സി.ഇ.പി യിൽ ഉൾപ്പെടുന്ന ആസിയാൻ രാജ്യങ്ങളിൽ കേരളത്തിന്റെ സമാനമായ ഭൂപ്രകൃതിയും കാലാവസ്ഥയും കൃഷിരീതികളും ഉള്ളതിനാൽ അവിടെ നിന്നുള്ള കാർഷിക ഉല്പന്നങ്ങളുടെ ഇറക്കുമതി സംസ്ഥാനത്തിന്റെ കാർഷികമേഖലയെ പ്രത്യേകിച്ചും റബ്ബർ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയെ ബാധിക്കും. ആസിയാൻ രാജ്യങ്ങളുമായുള്ള കരാറിനുശേഷം പ്രസ്തുത രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ വ്യാപാരകമ്മി വർദ്ധിച്ചിട്ടുണ്ട്. ആർ.സി.ഇ.പി കരാർ നിലവിൽ വന്നാൽ വ്യാപാരകമ്മി വീണ്ടും കൂടുമൊ എന്ന് |

| | |
|---|---|
| | ഭയപ്പെടേണ്ടിയിരിക്കുന്നു. ആർ.സി.ഇ.പി കരാറിൽ ഇറക്കുമതി തീരുവ പൂജ്യം ആക്കണമെന്നാണ് പല രാജ്യങ്ങളുടേയും ആവശ്യം. ഇറക്കുമതി തീരുവയുടെ ഉദ്ദേശം തന്നെ രാജ്യത്തിന്റെ ഉല്പാദന മേഖലയെ സംരക്ഷിക്കുവാനാണ്. പൂജ്യം ശതമാനം അംഗീകരിച്ചില്ലെങ്കിൽ പോലും മറ്റു രാജ്യങ്ങളുടെ നിർബന്ധത്തിനു വഴങ്ങി ഇറക്കുമതി തീരുവകകൾ ഇപ്പോഴുള്ള നിരക്കിൽ നിന്നും വീണ്ടും കുറയുന്നത് അംഗീകരിക്കുവാനുള്ള സാധ്യതകൾ മുന്നിൽ കണ്ട് തീരുവകൾ കുറയ്ക്കരുത് എന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>ചൈനയുമായി ഇന്ന് ഇന്ത്യയ്ക്ക് ഒരു സ്വതന്ത്ര വ്യാപാര കരാറും നിലവിലില്ല. ആർ.സി.ഇ.പി യിൽ ചൈനയും അംഗമായ സ്ഥിതിക്ക് ചൈനക്ക് ഇന്ത്യയുമായി ഒരു സ്വതന്ത്ര വ്യാപാരകരാർ സാധ്യമായാൽ അത് രാജ്യത്തെ വിവിധ മേഖലകളിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും കരുതുന്നു |
| (ബി) ആർ.സി.ഇ.പി കരാറുകൾ കേരളത്തിലെ വിളകളായ തെങ്ങ്, റബ്ബർ, കുരുമുളക്, ഏലം, കശുവണ്ടി, തേയില, കാപ്പി മറ്റു സുഗന്ധ വ്യഞ്ജനങ്ങൾ ഇവയെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ കേരളത്തിന്റെ ആശങ്കകൾ കേന്ദ്രത്തെ അറിയിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു;<br><br>(സി) 2017 ജൂലൈ മാസത്തിൽ | (ബി) & (സി) ആർ.സി.ഇ.പി കരാർ നിലവിൽ വന്നാൽ ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള സ്വഭാവിക റബ്ബർ, നാളികേര ഉല്പന്നങ്ങൾ, തേയില, കാപ്പി, കുരുമുളക് ഉൾപ്പടെയുള്ള സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ നമുക്ക് കൂടുതൽ ഭീഷണിയാകും എന്ന് കരുതുന്നു. അതുപോലെ കശുവണ്ടിയുടെയും ഏലത്തിന്റെയും മൂല്യവർദ്ധിത ഉല്പന്നങ്ങളും യഥേഷ്ടം ഇന്ത്യൻ മാർക്കറ്റിൽ എത്തിചേരുവാൻ സാധ്യതയുണ്ട്. ചൈനയിൽ നിന്നും വിയറ്റ്നാമിൽ |

| | |
|---|---|
| ഹൈദരാബാദിൽ നടക്കുന്ന ആർ.സി.ഇ.പി. മീറ്റിംഗിൽ കേരളത്തിന്റെ ആശങ്കകൾ കേന്ദ്രത്തെ അറിയിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ? | നിന്നുമുള്ള കാർഷിക ഉല്പന്നങ്ങൾക്ക് പുറമെ അവരുടെ മത്സ്യം പൗൾട്ടറി പാൽ ഉല്പന്നങ്ങളും തദ്ദേശീയ ഉല്പന്നങ്ങൾക്ക് വൻ ഭീഷണിയാകും. മേൽ പറഞ്ഞ വിഷയങ്ങളിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 2017 ജൂലൈ 18 മുതൽ 28 വരെ ഹൈദരാബാദിൽ വച്ച് നടന്ന ആർ.സി.ഇ.പി കരാറിൽ താൽപര്യമുള്ള രാജ്യങ്ങളുടെ ഉന്നതയോഗമാണ്. പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ സംസ്ഥാന സർക്കാരിന് മുൻകൂറായി ലഭ്യമാക്കിയിട്ടില്ല. കൃഷിവകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം WTO Cell ഉം യൂണിവേഴ്സിറ്റിയിലെ വിദഗ്ധരും ആർ.സി.ഇ.പി. കരാർ സംബന്ധിച്ച് പഠനം നടത്തുകയും ഇതിനെതിരെ ശക്തമായ പ്രതിഷേധം ശാസ്ത്രീയമായ തെളിവുകൾ സഹിതം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ വ്യാപനം തടയുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.സി.ഇ.പി. കരാർ സംസ്ഥാന മന്ത്രിസഭായോഗം ചർച്ച ചെയ്യുകയും സംസ്ഥാനത്തിന്റെ പ്രതിഷേധം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി